**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1826**
**07.12.2015 ലെ മറുപടിയ്ക്ക്**

**ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൻമേൽ നടപടി.**

| ചോദ്യം.<br>ശ്രീ.പി.തിലോത്തമൻ എം.എൽ.എ. | | ഉത്തരം.<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | നാടിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളിൽ എം.എൽ.എ മാരുടെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയും തെറ്റായി വ്യാഖ്യാനിച്ചും കാലതാമസം വരുത്തിയും ഭരണാനുമതിയടക്കം തടസ്സം വരുത്തിയും തെറ്റായി ഉത്തരവുകളിറക്കിയും പദ്ധതികളെ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥകർക്കെതിരെ ഈ സർക്കാർ കാലയളവിൽ എത്രപരാതികൾ ലഭിച്ചിട്ടുണ്ട്, പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്രപേർക്കെതിരെ നടപടികൾ എടുത്തുവെന്ന് പറയാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവർത്തികൾ പരിശോധിച്ച് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതായ വിവിധ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്താറില്ല. ആയതിനാൽ ഇതു സംബന്ധിച്ച പരാതികളിൻമേൽ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല. മേൽ വിഷയം സംബന്ധിച്ച പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. എം.എൽ.എ മാരുടെ ശിപാർശകൾ അതീവ ഗൗരവത്തോടെയാണ് കൈകാര്യം ചെയ്തുവരുന്നത്, ആയതിൻമേൽ വീഴ്ച ഉണ്ടാകരുതെന്ന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതികളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ യഥാസമയം പരാതിക്കാരനെ അറിയിക്കാറുണ്ട്. |
| (ബി) | മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കപ്പെട്ടിരുന്ന പദ്ധതികൾ സംബന്ധിച്ച ഫയലിൽ നടപടി എടുക്കുന്നതിന് താമസം വരുത്തുകയും ഇറക്കിയ ഉത്തരവിൽതന്നെ അനാവശ്യമായ ക്ലോസുകൾ ചേർക്കുകയും തെറ്റ് ചൂണ്ടിക്കാണിച്ചിട്ടും തിരുത്താൻ വിസമ്മതിക്കുകയും ചെയ്ത് പ്രവൃത്തികൾക്ക് കാലതാമസം വരുത്തിയതു സംബന്ധിച്ച് ശ്രീ.പി. തിലോത്തമൻ എം.എൽ.എ നൽകിയിരുന്ന പരാതിയിൽ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ: | |
| (സി) | പരാതികൾ സമർപ്പിക്കപ്പെട്ടാൽ ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം യഥാസമയം പരാതിക്കാരനെ അറിയിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ? | |

സെക്ഷൻ ഓഫീസർ